**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1909** **12-09-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ അസാപിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ എല്ലാം തന്നെ സമൂഹത്തിൽ വിവിധ മേഖലകളിലെ തൊഴിൽ നൈപുണി വികസിപ്പിക്കുക എന്ന ലക്ഷ്യം വച്ചുള്ളതാണ്. ആലപ്പുഴ മണ്ഡലത്തിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ ചേർത്തിരിക്കുന്നവയാണ്.<br><br>1. 2023 ജൂൺ മാസം വനിതാ ശിശു ക്ഷേമ വകുപ്പിന്റെ "ബേടി ബച്ചാവോ ബേടി പഠാവോ" പദ്ധതിയിലൂടെ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നിർധനരായ കുടുംബത്തിലെ 21 വയസ്സിന് താഴെയുള്ള 48 പെൺകുട്ടികൾക്ക് ഫിറ്റനസ്സ്ട്രെയ്നർ, ബ്യൂട്ടി തെറാപ്പിസ്റ്റ് എന്നീ കോഴ്സുകളിൽ സൗജന്യ പരിശീലനം കൊടുക്കുകയും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വർക്ക് റെഡിനെസ്സ് പ്രോഗ്രാം തുടങ്ങിയ അധിക പരിശീലനങ്ങൾ കൂടി അവർക്കായി നൽകിക്കൊണ്ട് അവരെ സ്വന്തം കാലിൽ നിലയുറപ്പിക്കുവാൻ പ്രാപ്തരാക്കുന്നതിൽ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് വിജയിച്ചു.<br><br>2. 2023 ജൂൺ മാസം മുതൽ തൊഴിൽ പരിശീലന പദ്ധതിയായ പി.എം.കെ.വി.വൈ അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് വഴി നടപ്പാക്കി. 120 -ൽ പരം യുവതീ യുവാക്കൾക്ക് തികച്ചും സൗജന്യമായി ഫിറ്റ്നസ് ട്രെയ്നർ, അസിസ്റ്റന്റ് യോഗ ഇൻസ്ട്രക്ടർ, ഹയർ ഡ്രസ്സിങ്ങ് ട്രെയിനി എന്നീ കോഴ്സുകളിൽ പരിശീലനം നൽകിവരുന്നു.<br><br>3. 2023 ഏപ്രിൽ മാസം മുതൽ ജൂലൈ മാസം വരെ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് 77 ബാച്ചുകളിലായി ആലപ്പുഴ ജില്ലയിലെ വിവിധ പഞ്ചായത്ത് സി.ഡി.എസ് കളിലെ 2310 ഓളം ഉദ്യോഗാർത്ഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും |

| | | | |
|---|---|---|---|
| | | | വർക്ക് റെഡിനെസ്സ് പ്രോഗ്രാമുകൾ തികച്ചും സൗജന്യമായി കൊടുത്തുകൊണ്ട് സ്വന്തമായി ഒരു ജോലി എന്ന സ്വപ്നത്തിന് അവരെ പ്രാപ്തരാക്കുവാൻ സഹായിച്ചു.<br><br>4. 2023 ഏപ്രിൽ മാസം വ്യവസായ വകുപ്പിന്റെ കീഴിൽ 41 സംരംഭകർക്ക് ആർട്ടിസണൽ ബേക്കറി, ബ്യൂട്ടി ആൻഡ് വെൽനെസ്സ് എന്നീ തൊഴിലുകളിൽ അധിക നൈപുണ്യ വികസന പരിശീലനം നൽകി സ്വയം സംരംഭം എന്ന സ്വപ്നം എത്തിപ്പിടിക്കുവാൻ അവരെ പ്രാപ്തരാക്കുവാൻ സാധിച്ചു.<br><br>5. കുടുംബശ്രീയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് സ്വയം തൊഴിൽ പദ്ധതിയിലൂടെ 55 വനിതകൾക്കായി ഫിറ്റ്നെസ് ട്രൈയ്നർ, ക്രാഫ്റ്റ് ബേക്കിംഗ് എന്നീ മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകുവാൻ സാധിച്ചു.<br><br>6. കൊച്ചിൻ ഷിപ്പിയാർഡുമായ് ചേർന്നു കൊണ്ട് തുടങ്ങുവാനിരിക്കുന്ന സൗജന്യ ഫിറ്റ്നസ് ട്രെയ്നർ കോഴ്സിൽ പരിഗണിച്ചിട്ടുള്ളത് എസ്.സി/ എസ്.ടി, മത്സ്യത്തൊഴിലാളി വിഭാഗത്തിലുള്ള യുവതീ യുവാക്കളെയാണ്. ആഗസ്ത് മാസം തുടങ്ങുവാനിരിക്കുന്ന കോഴ്സിന്റെ ആകെ സീറ്റ് 30 ആണ്.<br><br>മേൽ പറഞ്ഞ കോഴ്സുകൾക്കു പുറമേ വിവിധ ഏകദിന വർക്കുഷോപ്പുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | തദ്ദേശീയരായ മൽസ്യത്തൊഴിലാളികൾ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ എന്നിവരെ പ്രത്യേകം ഫോക്കസ് ഗ്രൂപ്പുകളായി കണ്ട് പ്രസ്തുത കമ്മ്യൂണിറ്റി സ്കിൽ പാർക്ക് മുഖേന നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മത്സ്യത്തൊഴിലാളികൾക്കും പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള കൊച്ചിൻ ഷിപ്പിയാർഡിന്റെ സി.എസ്.ആർ ഫണ്ട് പ്രോജക്ടിന്റെ സമാഹരണം ഇപ്പോൾ പുരോഗമിക്കുകയാണ്. ജില്ലകളിലെ എൽ.എസ്.ജി കളുടെ പിന്തുണയോടെയും വിവിധ വകുപ്പുകളുടെയും Kerala Knowledge Economy Mission -ന്റെയും പിന്തുണയോടെയും ഇത്തരം കൂടുതൽ പരിപാടികൾ നടത്തും. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ ഓൺലൈൻ ട്രേഡിംഗ്, അന്യഭാഷാ പഠനം എന്നിവ പരിശീലിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ബഹു. ആലപ്പുഴ നിയോജക മണ്ഡലം എം.എൽ.എ ശ്രീ.പി.പി ചിത്തരഞ്ജൻ അവർകളുടെ ആസ്തിവികസന ഫണ്ടിൽ നിന്നും പാസ്സായിട്ടുള്ള ഒരു കോടി പത്തുലക്ഷം രൂപ ചെലവഴിച്ച് ചെറിയ കലവൂരിൽ ഇ-ലേണിംഗ് ലാബ് നിർമ്മാണം അവസാനഘട്ടത്തിലാണ്. സൗകര്യം തയ്യാറായിക്കഴിഞ്ഞാൽ, IT/ITES, BFSI എന്നിവയിലെ അഡ്വാൻസ്ഡ് കോഴ്സുകളിൽ |

| | | | |
|---|---|---|---|
| | | | ഹൈബ്രിഡ് മോഡോട്ടു കൂടിയ ഓൺലൈൻ കോഴ്സുകൾ അസാപ് കേരള വാഗ്ദാനം ചെയ്യും. അതോടൊപ്പം തന്നെ അസാപ് Communicative English Trainer, OET, IELTS, ജർമ്മൻ ഭാഷ എന്നിവയിൽ പ്രോഗ്രാമുകളുണ്ട്. IT ലാബ് നിർമ്മാണം പൂർത്തിയാകുന്ന ഉടനെ ഈ കോഴ്സുകൾ കൂടി CSP ചെറിയ കലവൂരിൽ ആരംഭിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ കൗശൽ കേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | നിബന്ധനകൾക്ക് അന്തിമരൂപം നൽകുന്നതിനായി Kerala Academy of Skill Excellence - മായുള്ള ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ